**C 31406** (Pages : 2) Name.................................

Reg. No.................................

# THIRD SEMESTER M.A. DEGREE EXAMINATION, DECEMBER 2017

(CUCSS)

Malayalam

MAL 3E 11 (b)—JANAPRIYA SAHITHYAM

(2014 Admissions)

Time : Three Hours Maximum : 36 Weightage

I. ഒരു ഖണ്ഡികയിൽ കുറിപ്പെഴുതുക :

1 ചിത്രകഥകളുടെ സവിശേഷതകൾ.

2 കഥാപ്രസംഗത്തിൻെറ ജനപ്രിയത.

3 തുടർക്കഥകളുടെ സ്വഭാവ രീതികൾ.

4 ജനപ്രിയ സിനിമ.

5 പ്രൊഫഷണൽ നാടകവേദി.

6 ഡ്രാക്കുള.

7 കവിയരങ്ങ്.

8 വൈലോപ്പിള്ളിയുടെ മാമ്പഴം.

9 പാട്ടു പുസ്തകങ്ങൾ.

10 വയലാറും ദേവരാജനും.

11 'സ്ത്രീ' സീരിയൽ.

12 ശോക ഗാനങ്ങൾ.

13 ശശികുമാർ സിനിമകൾ.

14 വി. സാംബശിവൻെറ കഥാപ്രസംഗം.

(14 × 1 = 14 weightage)

II. രണ്ടു പേജിൽ ഏഴെണ്ണത്തിന് ഉത്തരമെഴുതുക :

15 കാല്പനിക പ്രസ്ഥാനമാണ് സാഹിത്യത്തെ കുറച്ചെങ്കിലും ജനപ്രിയമാക്കിയത്. 'രമണ'നെ മുൻനിർത്തി നിരൂപിക്കുക.

16 മുട്ടത്തുവർക്കിയുടെ ആഖ്യാന രീതിയിൽ ജനപ്രിയത ബോധപൂർവ്വമുള്ള ഒരു ലക്ഷ്യമായിരുന്നു —വിശദമാക്കുക.

Turn over

17 അയ്യനേത്തിൻെറ നോവലുകൾ 'പൈങ്കിളി'യാണെന്നു മുദ്രകുത്താനാകുമോ ? 'മനുഷ്യാ നീ മണ്ണാകുന്നു' എന്നതിനെ മുൻനിർത്തി പരിശോധിക്കുക.

18 പത്രമാസികകളിൽ ജനപ്രിയ സാഹിത്യത്തെ പരിപോഷിപ്പിക്കുന്നതിൽ ഏറ്റവുമധികം പങ്ക് വഹിച്ചത് ആഴ്ചപ്പതിപ്പുകളായിരുന്നു. ചർച്ച ചെയ്യുക.

19 സാധാരണക്കാരുടെ മാനസിക വ്യാപാരങ്ങളെയാണ് ജനപ്രിയ സാഹിത്യം അഭിസംബോധന ചെയ്യുന്നത്—ഉമ്മ എന്ന നോവലിനെ ആസ്പദമാക്കി ചർച്ച ചെയ്യുക.

20 'കള്ളിച്ചെല്ലമ്മ' യഥാർത്ഥത്തിൽ സ്ത്രീസ്വത്വ പ്രശ്നമാണ് ഉന്നയിക്കുന്നത്—ഈ നിരീക്ഷണത്തെ നിരൂപിക്കുക.

21 കോട്ടയം പുഷ്പനാഥിൻെറ രചനകൾ മലയാളിയെ സാംസ്കാരികമായി സ്വാധീനിച്ചിട്ടുണ്ടോ ? ചർച്ച ചെയ്യുക.

22 സിനിമയെന്ന മാധ്യമത്തിൻെറ ജനപ്രിയതയാണ് 'ജീവിത നൗക' ജനപ്രിയമാകാൻ കാരണം—ഈ നിരീക്ഷണത്തോട് യോജിക്കുന്നുണ്ടോ ? എന്തുകൊണ്ട് ?

23 ഉത്ക്കൃഷ്ട സാഹിത്യകൃതികൾ കഥാപ്രസംഗ രൂപത്തിൽ സാംബശിവൻ അവതരിപ്പിച്ചപ്പോൾ അവ ജനങ്ങൾക്ക് പ്രിയപ്പെട്ടതായി. എന്തുകൊണ്ട് ?

24 സിനിമാ ഗാനങ്ങൾ ജനപ്രിയവും ജനകീയവുമാകാനുള്ള യഥാർത്ഥ കാരണങ്ങൾ സോദാഹരണം വിശദീകരിക്കുക.

(7 × 2 = 14 weightage)

III. നാലു പേജിൽ **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക :

25 വ്യക്തിയുടെ വിമോചനാഭിലാഷമെന്ന നിലയിൽ പ്രണയത്തെയും മറ്റും ജനകീയ സംസ്ക്കാരം സ്വാംശീകരിക്കുകയാണ് 'പൈങ്കിളി'യിലൂടെ ചെയ്യുന്നത്—വിശദീകരിക്കുക.

26 ജനപ്രിയമാകുന്നതെല്ലാം കലാമൂല്യമില്ലാത്തതാണ് എന്നു ധരിക്കുന്നത് ഉപരിവർഗ്ഗപക്ഷത്തു നിന്നുള്ള വീക്ഷണമാണ്—നിരൂപിക്കുക.

27 ആധുനികതയുടെ ജനകീയ മുഖമാണ് ജനപ്രിയ സാഹിത്യം—ജനപ്രിയ നോവലുകളെ ആധാരമാക്കി ചർച്ച ചെയ്യുക.

28 നാടകവും സിനിമയും അതിൻെറ ദൃശ്യഭാഷാ സങ്കേതംകൊണ്ടു മാത്രം ജനപ്രിയമാകണമെന്നില്ല —നിരൂപിക്കുക.

(2 × 4 = 8 weightage)